**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 296** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ തള്ളുന്നവർക്കുള്ള ശിക്ഷാനടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സിറിയക് തോമസ്

ശ്രീ. റോണി. കെ. ബേബി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ മത്സ്യ മാർക്കറ്റുകൾ,അറവുശാലകൾ എന്നിവയിൽ നിന്നുള്ള മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ തള്ളുന്ന അനാരോഗ്യകരമായ പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

**<u>മറുപടി:</u>** ഉണ്ട്. അനധികൃത മാലിന്യ നിക്ഷേപം ചില പ്രദേശങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതും, ഇത് സംബന്ധിച്ച് അടിയന്തര നിയമ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്ഥാപന തല വിജിലൻസ് സ്ക്വാഡുകൾ/ IVO സ്ക്വാഡുകൾ/ ജില്ലാ എൻഫോഴ്സ്മെൻറ് സ്ക്വാഡുകൾ എന്നിവ മുഖേനയുള്ള പരിശോധന കർശനമാക്കിയിട്ടുള്ളതുമാണ്. സംസ്ഥാനത്തെ മത്സ്യ മാർക്കറ്റുകൾ, അറവുശാലകൾ (സ്ലോട്ടർ ഹൗസുകൾ) എന്നിവയിൽ നിന്നുള്ള ജൈവ-അജൈവ മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിൽ തള്ളാതിരിക്കുന്നതിനും കൃത്യമായി സംസ്കരിക്കുന്നതിനുമുള്ള എല്ലാ മുൻകരുതലുകളും നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.

**(ബി)** ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വിശദമാക്കാമോ ;

**<u>മറുപടി:</u>** മാർക്കറ്റുകൾ, മീറ്റ് സ്റ്റാളുകൾ, ഫിഷിംഗ് ഹാർബറുകൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന മത്സ്യമാലിന്യങ്ങൾ ശേഖരിക്കുന്നതിനും, ശാസ്ത്രീയമായ സംസ്കരണത്തിലൂടെ അവയെ പെറ്റ് ഫീഡ്, ഫിഷ് ഫീഡ് തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനുമായി അംഗീകൃത ഏജൻസികളുടെ സേവനം ലഭ്യമാക്കുന്നതാണ്. ഇതിനായി ശുചിത്വ മിഷൻ മുഖേന ഏജൻസികളെ എംപാനൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ മത്സ്യ-മാംസ മാർക്കറ്റുകളിൽ ഉറവിടത്തിൽ തന്നെ ജൈവമാലിന്യം സംസ്കരിക്കുന്നതിനായി വിൻഡ്രോ കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചും മാർക്കറ്റുകൾ കഴുകുന്ന മലിനജലം നേരിട്ട്

ജലാശയങ്ങളിലേക്ക് ഒഴുകുന്നത് തടയാൻ ലിക്വിഡ് വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഏർപ്പെടുത്തിയും മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

സംസ്ഥാനത്തുണ്ടാകുന്ന കോഴിമാലിന്യം ശാസ്ത്രീമായി സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ആയ പെറ്റ്/ഫിഷ് ഫീഡ് എന്നിവയാക്കി മാറ്റുന്നതിന് സ്വകാര്യ സംരംഭകരുടെ സഹായത്തോടെ വിവിധ ജില്ലകളിലായി 34 റെൻഡറിംഗ് പ്ലാന്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ഉല്പാദിക്കപ്പെടുന്ന കോഴി അറവ് മാലിന്യത്തിന്റെ ക്വാണ്ടിഫിക്കെഷൻ പൂർത്തിയാക്കിക്കൊണ്ട്, പ്ലാന്റുകളുടെ പ്രവർത്തനക്ഷമത ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ചിക്കൻ വിൽപ്പന നടത്തുന്ന സ്ററാളുകൾക്ക് ലൈസൻസ് ലഭിക്കണമെങ്കിൽ, അവർ ഉല്പാദിപ്പിക്കുന്ന കോഴി അറവ് മാലിന്യം റെൻഡറിംഗ് പ്ലാന്റുകൾക്ക് നൽകിക്കൊണ്ട് സംസ്കരിക്കണമെന്ന വ്യവസ്ഥ തദ്ദേശ സ്ഥാപനങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. ലൈസൻസിനായി ചിക്കൻ റെൻഡറിംഗ് പ്ലാന്റുമായുള്ള കരാറോ, മലിനീകരണ നിയന്ത്രണ ബോർഡ് അംഗീകരിച്ചിട്ടുള്ള മാലിന്യ സംസ്കരണ സംവിധാമോ ഉണ്ടായിരിക്കണമെന്ന് 7.10.2021 ലെ സ.ഉ(കൈ) നം.227/2021/ തസ്വഭവ ഉത്തരവിലൂടെ നിഷ്കർഷിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശാസ്ത്രീയമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളോടു കൂടിയ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും വിവിധ ഘട്ടങ്ങളിലാണ്.

മത്സ്യ മാർക്കറ്റുകൾ, അറവു ശാലകൾ എന്നിവിടങ്ങളിൽ നിന്നുള്ള അജൈവ മാലിന്യം കൃത്യമായി ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും ഹരിതകർമ്മ സേനയുടെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്.

**(സി)** ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കും പരിസ്ഥിതി മലിനീകരണത്തിനും ഇടയാക്കുന്ന ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടുപിടിക്കുന്നതിനും കടുത്ത ശിക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** പൊതുഇടങ്ങളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ 2024-ലെ കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി (ഭേദഗതി) നിയമങ്ങൾ പ്രകാരം വ്യവസ്ഥകൾ കർശനമാക്കുകയും, മാലിന്യം കനാലുകളിൽ/ തോടുകളിൽ/ ജലാശയങ്ങളിൽ നിക്ഷേപിച്ചാൽ 10000 മുതൽ 50000 രൂപ വരെ പിഴ, 6 മാസത്തിൽ കുറയാത്തതും ഒരു വർഷത്തിൽ കവിയാത്തതുമായ തടവ് എന്നിവ സഹിതമുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനായി തദ്ദേശ സ്ഥാപനതലത്തിൽ വിജിലൻസ് സ്ക്വാഡുകൾ, ബ്ലോക്ക് അടിസ്ഥാനത്തിൽ ഐ.വി.ഒ (IVO) സ്ക്വാഡുകൾ, ജില്ലാതലത്തിൽ ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എന്നിവ രൂപീകരിച്ച് പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്.

മാലിന്യം അനധികൃതമായി നിക്ഷേപിക്കുന്ന ഹോട്ട്സ്പോട്ടുകളിൽ രാത്രികാല പരിശോധനയും സിസിടിവി ക്യാമറകൾ വഴിയുള്ള നിരീക്ഷണവും നടത്തിവരുന്നു. നിയമലംഘനം നടത്തുന്നവർക്കെതിരെ കനത്ത പിഴ ചുമത്തുന്നതിനൊപ്പം,

പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾ കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിനായി സംസ്ഥാനതലത്തിൽ 9446700800 എന്ന ഏകീകൃത വാട്സ് ആപ് നമ്പർ ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**